നമ്പർ : Fin.C5/43141/16/HSE

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ
തിരുവനന്തപുരം
തിയതി: 12/01/2017.

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം – സംബന്ധിച്ച്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ജനുവരി 27 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ഇതോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും അധ്യയനത്തിന് തടസ്സം വരാത്ത വിധത്തിൽ അനുബന്ധ ഹൈസ്കൂളുകളുമായി യോജിച്ച് സ്കൂൾ തലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തുടക്കം കുറിക്കേ താണ്. ഇതിനു മുന്നോടിയായി എല്ലാ വിദ്യാലയങ്ങളിലും അധ്യാപക രക്ഷാകർതൃസമിതിയും, പൂർവ്വ വിദ്യാർത്ഥി സമിതിയും വിളിച്ചുകൂട്ടി ഇതു സംബന്ധിച്ച് ആശയവിനിമയം നടത്തേ താണ്. 27.01.2017 ന് രാവിലെ 10 മണിക്ക് രക്ഷിതാക്കളും പൂർവ്വവിദ്യാർത്ഥികളും, വിദ്യാലയ അഭ്യുദയകാംക്ഷികളും ചേർന്ന് പൊതുവിദ്യാലയങ്ങളെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടമായി നീക്കം ചെയ്ത് ഒരിടത്ത് സ്വരൂപിക്കേ തും ശുചിത്വമിഷൻ അധികൃതരുമായി ബന്ധപ്പെട്ട് അതു സ്കൂൾ കാമ്പസിൽ നിന്ന് മാറ്റുന്നതിന് നടപടി സ്വീകരിക്കേ തുമാണ്.

പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്ത ശേഷം 11 മണിക്ക് ജനപ്രതിനിധികളും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും മുൻ അദ്ധ്യാപകരും വിദ്യാലയ അഭ്യുദയകാംക്ഷികളും സ്ഥലത്തെ സാമൂഹിക – സാംസ്കാരിക പ്രവർത്തകരും ചേർന്ന് പരസ്പരം കൈകോർത്ത് സ്കൂളിന് വലയം തീർത്തുകൊ ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രതിജ്ഞ എടുത്ത് യജ്ഞത്തിന് തുടക്കം കുറിക്കേ താണ്. പൊതുവിദ്യാലയങ്ങലെ തങ്ങൾ സംരക്ഷിക്കുമെന്നും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനത്തിൽ നിന്നും വിദ്യാർത്ഥികളെ സംരക്ഷിക്കുമെന്നും വിദ്യാലയ അന്തരീക്ഷത്തെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുമെന്നും ജൈവവൈവിധ്യത്തിന്റെ തണലും തണുപ്പും നൽകി വിദ്യാലയങ്ങലെ ഹരിതാഭമാക്കുമെന്നുമുള്ള ആശയങ്ങളുൾക്കൊള്ളുന്ന തായിരിക്കണം പ്രതിജ്ഞ. ഇതിനായി വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പ്രതിജ്ഞ ഇതോടൊപ്പം ചേർക്കുന്നു.

പരസ്പരം കൈകോർത്ത് പ്രതിജ്ഞ എടുത്തശേഷം ഉദ്ഘാടന നടപടികൾ അവസാനിപ്പിക്കാവുന്നതാണ്. അധ്യയനത്തെ ബാധിക്കുന്ന തരത്തിൽ മൈക്ക് ഉപയോഗിച്ച് യോഗങ്ങൾ നടത്തുകയോ പ്രസംഗങ്ങൾ നടത്തുകയോ ചെയ്യേ തില്ല.

പൊതുവിദ്യാലയസംരക്ഷണയജ്ഞമെന്ന മഹത് സംരംഭത്തിന് തുടക്കം കുറിക്കുന്ന ഈ ചടങ്ങ് നിശ്ചിത സമയത്തുതന്നെ എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടത്തുന്നതിന് പ്രധാന അധ്യാപകർ ശ്രദ്ധിക്കേ താണ്. ആർ.ഡി.ഡി മാർ ഇതിനു മേൽനോട്ടം വഹിക്കേ താണ്. ആർ.ഡി.ഡി മാർ, ജെ.ഡി മാർ എന്നിവർ അവരുടെ പ്രവർത്തനപരിധിയിലുള്ള ഏതെങ്കിലും ഒരു വിദ്യാലയത്തിൽ നടക്കുന്ന ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കേ താണ്. പൊതുവിദ്യാലയ സംരക്ഷണയജ്ഞം ഉദ്ഘാടനം സംബന്ധിച്ച് ബാനർ തുണിയിൽ തയ്യാറാക്കി വിദ്യാലയങ്ങളുടെ മുൻഭാഗത്ത് പ്രദർശിപ്പിക്കേ താണ്. ബാനറിന്റെ മാതൃക നൽകുന്നതാണ്. SSA യുടെ പരിധിയിൽ വരാത്ത ഹയർസെക്കന്ററി സ്കൂളുകളിൽ ബാനർ പ്രിന്റ് ചെയ്യുവാൻ PTA ഫ ് ഉപയോഗിക്കാവുന്നതാണ്.

തങ്ങളുടെ പരിധിയിൽ ഉള്ള എല്ലാ വിദ്യാലയങ്ങളിലും മേൽപ്പറഞ്ഞ മാതൃകയിൽ ഉദ്ഘാടന ചടങ്ങ് നടത്തിയതായി ബന്ധപ്പെട്ട വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേ തും ഇതു സംബന്ധിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് അതാത് ആർ.ഡി.ഡി മാർ 27.01.2017 ന് വൈകുന്നേരം 5 മണിക്കുമുമ്പായി dhsefinc5@gmail.com എന്ന മെയിലിലേക്ക് അയയ്ക്കേ തുമാണ്.

(ഒപ്പ്)

**ഡയറക്ടർ**

**പകർപ്പ് : എല്ലാ** ആർ.ഡി.ഡി മാർക്കും.

# പ്രതിജ്ഞ

പൊതുവിദ്യാലയങ്ങൾ ഈ നാടിന്റെ സൗഭാഗ്യാമാണ്. നമ്മുടെ മതേതര ജീവിതത്തിന്റെ പ്രതീകങ്ങളാണ്. ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാത്ത ഈ അക്ഷരമുറ്റങ്ങളിലാണ് നമ്മുടെ ബാല്യകൗമാരങ്ങൾ പിന്നിട്ടത്. നമ്മളൊന്നാണെന്ന ബോധം നമുക്ക് പകർന്നുകിട്ടിയത് പൊതുവിദ്യാലയങ്ങളുടെ അകത്തളങ്ങളിൽ നിന്നാണ്. പൊതുവിദ്യാഭ്യാസത്തിന്റെ കരുത്തിലാണ് നമ്മൾ ലോകത്തോളം വളർന്നത്. മാനവികതയുടെ മഹാമൂല്യങ്ങളാണ് ഈ മതേതരപൊതുമണ്ഡലത്തിന്റെ മഹത്വം. നമ്മുടെ ചിന്തകൾക്കും ബോധ്യങ്ങൾക്കും അറിവിന്റെ തിളക്കം നൽകിയ പൊതുവിദ്യാഭ്യാസ മേഖലയെ തകരാനനുവദിച്ചുകൂട. മദ്യവും മയക്കുമരുന്നും നമ്മുടെ കുട്ടികളെ വഴിപിഴപ്പിച്ചുകൂട. ഇവയുടെ വർദ്ധിച്ചുവരുന്ന സ്വാധീനങ്ങളിൽനിന്നും പൊതുകലാലയങ്ങളെ നാം സംരക്ഷിക്കും. ഇവ സ്കൂളുകളിൽ വിതരണം ചെയ്യാൻ ശ്രമിക്കുന്ന സാമൂഹ്യവിരുദ്ധശക്തികളെ ക ത്തി ഒറ്റപ്പെടുത്തും. നമ്മുടെ ഭൂമിക്ക് വിനാശകരമായ പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ഇനി ഈ അക്ഷരമുറ്റങ്ങളിൽ സ്ഥാനമു ാകില്ല. വിദ്യാലയങ്ങളെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കി ഞങ്ങൾ നിലനിർത്തും. ജൈവവൈവിധ്യതയുടെ തണലും തണുപ്പും നൽകി വിദ്യാലയ അന്തരീക്ഷം ഹരിതാഭമാക്കും. കുട്ടികളെ നാടിനും വീടിനും ഉതകുന്ന നല്ല മനുഷ്യരാക്കി മാറ്റാനുള്ള പഠനപ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകും. എല്ലാതരം തിൻമകളിൽനിന്നും പൊതുവിദ്യാലങ്ങളെ അകറ്റി നിർത്തും. കേരളീയ സാമൂഹ്യവികാസത്തിന്റെ അടിത്തറയായ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള മഹായജ്ഞത്തിന് ഇന്ന് തുക്കം കുറിക്കുന്നു. നാടിന്റെ നന്മ കാക്കാനുള്ള ഈ ജനകീയ യജ്ഞത്തിൽ ഒറ്റമനസ്സോടെ അണിചേരുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ